





# ബാലസ്വായിലെ ഗ്യാൻസരോവർ







# Balaswayile Gyansarovar (Malayalam)

**Author:**
Fr. James Kurikilamkattu MST

**Published by:**
Department of Historical Research and Documentation of
Missionary Society of St Thomas the Apostle
Melampara, Bharananganam 686 578

**Printed at:**
Viani Printings, Ernakulam 682 018

© Missionary Society of St Thomas the Apostle(MST)

**06 January 2018**





പതിനാറു വർഷങ്ങൾക്കു മുൻപ് ഉത്തർപ്രദേശിൽ നിന്നും ഡൽഹിയിലെ ബാലസ്വായിലേക്ക് കുടിയേറിയതാണ് പ്രമോദ്. ഭാസുരമായ ഒരു ഭാവി കരുപ്പിടിപ്പിക്കുവാൻ ഉതകുന്ന സുന്ദരമായ ഒരു ജോലിയെന്ന മോഹനസ്വപ്നത്തിന്റെ പിന്നാലെയുള്ള യാത്ര എന്ന് ഈ കുടിയേറ്റത്തെ വിശേഷിപ്പിക്കുവാൻ സാധിക്കുമോ എന്നറിയില്ല. അയാളുടെ മുത്തച്ഛൻ ബാലസ്വാ ഗ്രാമത്തിൽ അഞ്ചുസെന്റു സ്ഥലം വാങ്ങിയിട്ടുണ്ട്, വാങ്ങിയെന്നോ കൈവശപ്പെടുത്തി എന്നോ പറയാം. ആ അഞ്ചുസെന്റ് സ്ഥലമാണ് അയാളെ മോഹിപ്പിച്ചത്. അവിടുത്തെ കുപ്രസിദ്ധമായ ഡംപിംഗ് യാർഡ് അഥവാ Landfill (മാലിന്യനിഷേപ സ്ഥലം) ജോലിയുടെ അനന്തസാധ്യതകൾ തുറന്നിടുന്നുണ്ടായിരുന്നു. പ്രമോദിനെപ്പോലെ നൂറുകണക്കിന് ആളുകളാണ് ഇതിൽ മോഹിതരായി ബാലസ്വായിൽ എത്തിപ്പെട്ടത്. വടക്കു പടിഞ്ഞാറൻ ഡൽഹിയിലെ മാലിന്യങ്ങൾ മുഴുവൻ തള്ളപ്പെടുന്നത് ബാലസ്വായിലെ ഈ പ്രദേശത്താണ്. ദിവസേന 7000 ടൺ മാലിന്യം വിസർജ്ജിക്കപ്പെടുന്ന ഈ സ്ഥലം ഇന്ന് വലിയ ഒരു മാലിന്യമലയാണ്. ഈ മലമുകളിൽ മാലിന്യങ്ങൾക്കിടയിൽ ഉപയോഗയോഗ്യമായ വസ്തുക്കൾ പരതുക എന്ന ജോലിയാണ് പ്രമോദ് ചെയ്തുകൊണ്ടിരുന്നത്. അതിനു വേണ്ടിയാണ് അയാൾ ഇവിടേക്കു കുടിയേറിയതും പതിനാല് വർഷത്തോളം പൊടിയും പുകയും ദുർഗ്ഗന്ധവും സഹിച്ച് അയാൾ

നിധി പെറുക്കിക്കൊണ്ടിരുന്നു. ഭാഗ്യം തുണച്ച ദിവസങ്ങളിൽ 200 –300 രൂപാ ലഭിക്കുമായിരുന്നു. പെറുക്കിയെടുത്തു അടുത്തുള്ള കടകളിൽ വില്ക്കുന്നതുവഴിയാണ് അതു നേടിയിരുന്നത്. ഇതുകൊണ്ടു വേണമായിരുന്നു കുടുംബത്തിന്റെ അവശ്യങ്ങൾ നിറവേറ്റുവാൻ. ആർത്തലക്കുന്ന ഈച്ചകളെയും ക്രൂരരായ തെരുവുനായ്ക്കളെയും ദുർഗന്ധം വഹിക്കുന്ന പന്നികളെയും തടുത്തുമാറ്റി മാലിന്യങ്ങളിൽ നിന്നും അയാൾ ജീവിതം പെറുക്കിയെടുക്കുകയായിരുന്നു. അതിനിടയിലായിരുന്നു ഡൽഹി ദീപ്തി ഫൗണ്ടേഷൻ (Deepti Foundation) ഡയറക്ടർ ആയ ഫാ. സന്തോഷ് ഓലപ്പുരയ്ക്കൽ എം. എസ്.റ്റി. അയാളെ കണ്ടെത്തിയത്. ദീപ്തി ഫൗണ്ടേഷൻ ബാലസ്വായിൽ നടത്തി വരുന്ന ഗ്യാൻസരോവർ എന്ന പദ്ധതിയുടെ ഭാഗമായി അന്നു മുതൽ പ്രമോദ്. അയാൾ അതിലെ ഒരു സ്റ്റാഫ് ആയി നിയമിതനായി. മാലിന്യ കൂമ്പാരങ്ങൾക്കിടയിൽ നിന്നും സ്ഥിരവരുമാനമുള്ള ഒരു ജോലിയുമായി ജീവിതത്തിന്റെ സുന്ദരമായ പഥത്തിലേക്ക് അയാൾ നടന്നുകയറി. "ഞാൻ ഇന്ന് സന്തുഷ്ടനാണ്. എന്നെത്തന്നെ കണ്ടെത്തുവാൻ എനിക്കു കഴിഞ്ഞു. എന്റെ കുടുംബവും സഹോദരങ്ങളും ഇന്ന് എന്നെയോർത്ത് സന്തോഷിക്കുന്നു. ബാലസ്വായിലെ മാലിന്യങ്ങളിൽ ജീവിക്കുന്നവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുക എന്നത് എന്റെ കടമയായി കാണുന്നു. ദീപ്തി ഫൗണ്ടേഷനിലെ വൈദികരാണ് എനിക്ക് ഈ പുതു ജീവിതം സമ്മാനിച്ചത്". ഈ വാക്കുകൾ പറയുമ്പോൾ പ്രമോദിന്റെ ഉള്ളിലെ വികാരം ആ മുഖത്ത് വായിച്ചെടുക്കാമായിരുന്നു.







ഇതൊരു ഒറ്റപ്പെട്ട അഭിപ്രായമല്ല. ഗ്യാൻസരോവരിലെ എല്ലാ സ്റ്റാഫിനും പറയാനുള്ളതും ഇതുതന്നെയാണ്. പ്രത്യേകിച്ചും

അദ്ധ്യാപികമാരായി ജോലിനോക്കുന്ന എട്ടു പെൺകുട്ടികൾ. എല്ലാവരും ബാലസ്വാ ഡംപിംഗ് യാർഡിന് സമീപത്തു ജീവിക്കുന്നവർ. പുതിയ തലമുറയെ മാലിന്യക്കൂമ്പാരങ്ങളിൽ നിന്നും അക്ഷരങ്ങളുടെ നവലോകത്തിലേക്ക് ആനയിക്കുക, അതാണ് അവർ ലക്ഷ്യമിടുന്നത്. "എനിക്ക് ഇപ്പോൾ കിട്ടുന്നതിലും അധികം ശമ്പളം ലഭിക്കുന്ന ജോലി പുറത്തു കിട്ടുമായിരിക്കും. എനിക്കതുവേണ്ട. ഇന്ന് ഞാൻ ഈ ജോലി ചെയ്യുന്നത് ശമ്പളത്തിനു വേണ്ടി മാത്രമല്ല. ഇവിടെ ഈ കുട്ടികളെ പഠിപ്പിക്കുമ്പോൾ കിട്ടുന്ന സംതൃപ്തി മറ്റെവിടെയും കിട്ടില്ല. ഞാൻ വളരെ സന്തോഷവതിയാണ്". വികസിച്ച മുഖഭാവത്തോടെയാണ് ഗ്യാൻസരോവർ നടത്തുന്ന ഒരു അനൗദ്യോഗിക സ്കൂളിലെ ടീച്ചറായ മുനിത എന്ന പെൺകുട്ടി ഈ വാക്കുകൾ പറഞ്ഞത്. ഇപ്രകാരം ഡൽഹിയിലെ ബാലസ്വാ എന്ന പ്രാദേശിക ഗ്രാമത്തിലെ ഡംപിഗ് യാർഡിൽ ജീവിതം തള്ളിനിക്കുന്ന നൂറുകണക്കിന് കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അനുഗ്രഹവും പ്രതീക്ഷയുമാവുകയാണ് ദീപ്തി ഫൗണ്ടേഷനും അതിലെ എം.എസ്റ്റി. മിഷനറി വൈദികരും.

## ദീപ്തി ഫൗണ്ടേഷൻ

ജനതകളോടുള്ള സുവിശേഷ പ്രഘോഷണം ജീവിതവ്രതമായി സ്വീകരിച്ചിട്ടുള്ള സെന്റ് തോമസ് മിഷനറി സൊസൈറ്റി (എസ്.എം.റ്റി) ഡൽഹി ആസ്ഥാനമാക്കി പ്രേഷിതപ്രവർത്തനം വ്യാപിപ്പിക്കണമെന്നുള്ള ആഗ്രഹത്താൽ ഡൽഹിയിൽ സ്ഥാപിച്ചിട്ടുള്ള സന്നദ്ധ



സംഘടനയാണ് ദീപ്തി ഫൗണ്ടേഷൻ. അന്നത്തെ ഡൽഹി ആർച്ച് ബിഷപ്പുമായി ഉണ്ടാക്കിയ കരാറിൻ പ്രകാരമാണ് 2003 ഡിസംബർ 4 ന് ഇത് സ്ഥാപിക്കപ്പെട്ടത്. കാരാമയിൽ തോമസച്ചനാണ് ഇതിന്റെ ആദ്യപ്രവർത്തനാംഗം. ദിൽഷാദ് ഗാർഡനിൽ വാങ്ങിയ ഒരു ഫ്ളാറ്റിന് ദീപ് തി നിവാസ് എന്നു പേരു നൽകി ദീപ്തി ഫൗണ്ടേഷന്റെ കേന്ദ്ര മായി ഉപയോഗിച്ചു. ഡൽഹിയിലും പരിസരപ്രദേശങ്ങളിലുമുള്ള എച്ച്.ഐ.വി. പോസറ്റീവ് രോഗികൾക്ക് അവരുടെ ഭവനങ്ങളിൽ ചെന്ന് വേണ്ടുന്ന പരിചരണം നൽകുക എന്ന പദ്ധതിയാണ് ദീപ്തി ഫൗണ്ടേഷൻ ആദ്യകാലത്ത് ചെയ്തിരുന്നത്. പിന്നീട് സാമൂഹ്യാധി ഷ്ഠിത പുനരധിവാസ പദ്ധതികൾക്ക് രൂപം നൽകി. അതിനുശേഷം എച്ച്.ഐ.വി. പോസറ്റീവ് ബാധിതരായ കുട്ടികൾക്കായുള്ള ഒരു ബോ ർഡിംഗ് ആരംഭിച്ചു. അവർക്കായി നജഫ്ഘട്ട് എന്ന സ്ഥലത്ത് 2012 ൽ ഒരു ഹോസ്റ്റൽ കെട്ടിടം നിർമ്മിച്ചു. 2013 ൽ ഫരീദബാദ് സീറോ മലബാർ രൂപത സ്ഥാപിതമായപ്പോൾ ഡൽഹിയിലെ എം.എസ്.റ്റി. യുടെ പ്രവർത്തനവും വിപുലമായി. അതിനായി എം.എസ്.റ്റിയുടെ ഡൽഹി ഡലഗേഷൻ 2014 ൽ സ്ഥാപിതമായി. അതോടുകൂടി ദീപ്തി നിവാസിന്റെ കർമ്മരംഗങ്ങളും വിപുലികരിക്കപ്പെട്ടു. അശരണർക്കും ആലംബഹീനർക്കുമായി വിവിധ പദ്ധതികളാണ് ഇപ്പോൾ ആവി ഷ്കരിക്കപ്പെടുന്നത്. മാനോസ് ഉനിദാസ് എന്ന ഏജൻസിയുടെ സഹായത്തോടു കൂടി, ഡൽഹിയിലെ കോളനികളിലെ നിർദ്ധനരായ പെൺകുട്ടികളുടെ പുനരധിവാസത്തിനായി 4 കേന്ദ്രങ്ങളിലായി സ്വയം തൊഴിൽ കത്തെുവാനുള്ള പരിശീലനം നൽകി വരുന്നു. 200 റോളം പെൺകുട്ടികളാണ് ഇത്തരത്തിൽ പരിശീലനം നേടുന്നത്. ഇതിനു പുറമേ സ്വയം സഹായക സംഘങ്ങളിലൂടെ 650 വനിതകൾ



ജീവിതത്തിൽ സാമ്പത്തികമായി മുന്നേറുന്നു.

എയ്ഡ്സ് രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണ കേന്ദ്രങ്ങൾ ഇന്ന് പല സ്ഥലങ്ങളിലായി ദീപ്തി ഫൗണ്ടേഷൻ നടത്തുന്നുണ്ട്. രോഗബാധിതർക്ക് തൊഴിൽ കണ്ടെത്തുവാനും ഫൗണ്ടേഷൻ സഹായിക്കുന്നു.

2012–ലാണ് ദീപ്തി ഫൗണ്ടേഷനിലെ മിഷനറിമാർ ബാലസ്വായിയിലെ മാലിന്യ മലമുകളിൽ ജീവിതം തിരയുന്ന കുട്ടികളെ കണ്ടെത്തിയത്.

## ബാലസ്വാ ഡംപിംഗ് യാർഡ്


വടക്കു പടിഞ്ഞാറൻ ഡൽഹിയിലെ ബാലസ്വ ഡെയറി എന്ന വലിയ ഗ്രാമം. ഡൽഹി നഗരത്തിന് ആവശ്യമായ പാലിൽ ഒരു ഭാഗം വിതരണം ചെയ്യുന്നതു ഇവിടെ നിന്നാണ് എന്ന് തോന്നുന്നു. ഇവിടെത്തന്നെയാണ് ഡൽഹിയിലെ ഏറ്റവും വലിയ ഡംപിംഗ് യാർഡ് അഥവാ മാലിന്യനിക്ഷേപകേന്ദ്രം. 1993 ലാണ് ഇവിടുത്തെ സ്ഥലം ഡൽഹി സർക്കാർ ഏറ്റെടുത്ത് ഇവിടെ മാലീന്യനിക്ഷേപം ആരംഭിച്ചത്. ആദ്യമൊക്കെ 2700 ടൺ മാലിന്യമാണ് ദിവസേന ഇവിടെ എത്തിച്ചിരുന്നത്. ഇന്നത് 7000 ടൺ ആയി എന്നു പറയപ്പെടുന്നു. 2006–ൽ ഇതിന്റെ കാലാവധി അവസാനിക്കേണ്ടതായിരുന്നു. എന്നാലും പല കാരണങ്ങളാലും ഇന്നും ഇവിടെത്തന്നെയാണ് മാലിന്യം എത്തുന്നത്. ഡൽഹിയുടെ മാലിന്യനിക്ഷേപസംഭരണിയായി ഇന്നും ഇത് തുടരുന്നു. ദുർഗന്ധം വമിക്കുന്നതും നിത്യം പുകയുന്നതുമായ ഈ മാലിന്യമല ഇന്ന് ഇവിടുത്തെയും പരിസര പ്രദേശങ്ങളിലെയും ജനങ്ങളുടെ ആരോഗ്യത്തിനു സൃഷ്ടിക്കുന്ന ആഘാതം ഭീതിദമാണ്. കഴിഞ്ഞ വർഷം ഇവിടെയുണ്ടായ തീയണയ്ക്കുവാൻ ആഴ്ചകൾ വേണ്ടിവന്നിരുന്നു. പൊടിയും പു






കയും തീയും എപ്പോഴും ഉയർന്നുവരുന്ന ഈ പ്രദേശം ശരിക്കും പുകയുന്ന ഒരഗ്നിപർവ്വതമാണ്. ഇരുപത്തിനാല് വർഷങ്ങൾക്കൊണ്ട് ഒരു പത്തു നില കെട്ടിടത്തിന്റെ ഉയരമാണ് ഈ മാലിന്യമല കൈവരിച്ചിരിക്കുന്നത്. നാല്പത് ഏക്കർ വിസ്തൃതിയുണ്ട് ഇന്നതിന്. അടിവാരത്തിൽ നിന്നും മുകളറ്റം വരെ നടന്നെത്തണമെങ്കിൽ ചുരുങ്ങിയത് ഒരു മണിക്കൂർ സമയം വേണ്ടിവരും. വയനാടു ചുരം കയറുന്ന രീതിയിൽ വളഞ്ഞു പുളഞ്ഞു കിടക്കുന്ന വഴിയിലൂടെ, മാലിന്യങ്ങൾക്കിടയിൽ നിന്നുയരുന്ന പുകപടലങ്ങൾക്കിടയിലൂടെ വായും മൂക്കും പൊത്തി നടന്ന് മലമുകളിൽ എത്തിയാൽ കൺകുളിർക്കുന്ന കാഴ്ചകളൊന്നും കാണുവാൻ കിട്ടുകയില്ല. മറിച്ച്, മനസ്സിനെ മഥിക്കുന്ന, കരളു പിളർക്കുന്ന ദുസ്സഹമായ കാഴ്ചയാണ് കൺമുൻപിൽ ഉണ്ടാവുക. നൂറുകണക്കിന് കുട്ടികളും മുതിർന്നവരും മൽസരബുദ്ധിയോടെ മാലിന്യം ഇളക്കി മറിക്കുകയാണ്. ഓരോ ലോറി വരുമ്പോഴും ഇവർ ഓടുക്കൂടും. പിന്നെ തിരക്കും ബഹളവുമാണ്.

പശ്ചിമ ഡൽഹിയിലെ ഈ മാലിന്യങ്ങൾക്കിടയിൽ അറിയാതെ കളഞ്ഞുപോകുന്ന വസ്തുക്കളുണ്ട്, അറിഞ്ഞുകൊണ്ട് എറിഞ്ഞു കളയുന്ന പഴയ വസ്തുക്കളുണ്ട്. ഇവ പെറുക്കിയെടുത്ത്, തരം













തിരിച്ച് അടിവാരത്തുള്ള കച്ചവടക്കാർക്ക് നൽകുക ഇതാണ് ഇവിടെ ആളുകൾ ചെയ്യുന്നത്. തലമുടി, കുപ്പിച്ചില്ല്, പഴകിയ ഇഷ്ടിക എന്നീ പാഴ്‌വസ്തുക്കൾ പോലും ഇവരുടെ കൈകളിലൂടെ വിലയുള്ളതാകുന്നു. സ്വച്ഛഭാരതത്തിന്റെ കാഹളമൂതുന്നവരാരും കാണാതെ പോകുന്ന നമ്മുടെ ഭാരതത്തിന്റെ ഇരുളടഞ്ഞ വേറൊരു മുഖമാണിത്. രാത്രി പന്ത്രണ്ടു മുതൽ രാവിലെ ആറു വരെയാണ് ഇവിടെ മാലിന്യ വാഹനങ്ങൾ കൂടുതലായും എത്തുന്നത്. രണ്ടു മണിമുതൽ അഞ്ചു മണിവരെയാണ് ഏറ്റവും തിരക്കുള്ള സമയം.

രാത്രിയുടെ ഇരുണ്ട യാമങ്ങളിലും മലമുകൾ ശബ്ദമുഖരിതമാണ്. നൂറുകണക്കിന് ആളുകൾ അവിടെയുണ്ട്. അവർ അധ്വാനിക്കുകയാണ്. അവരിൽ സ്ത്രീകളും പുരുഷന്മാരും ഉണ്ട്. കുട്ടികൾ ധാരാളമുണ്ട്. ഈ മാലിന്യങ്ങൾക്കിടയിൽ പെറുക്കിയെടുത്താൽ, വൃത്തിയാക്കിയാൽ, വീണ്ടും ഉപയോഗിക്കാവുന്ന വസ്തുക്കൾ ധാരാളമുണ്ട്. അതുകൊണ്ടാണ് ഇവിടെ ഇത്ര ആൾക്കൂട്ടം. രാത്രിയുടെ യാമങ്ങളിൽ ഉറക്കമിളച്ച് മാലിന്യങ്ങൾക്കിടയിൽ നിന്നും തപ്പിയെടുക്കുന്നവ അടിവാരത്ത് എത്തിച്ചാൽ അവ വാങ്ങുവാൻ ആളുകളുണ്ട്. വിറ്റുകിട്ടുന്ന തുകയുമായി അവർക്ക് സ്വഭവനങ്ങളിലേക്ക് പോകാം. അതുകൊ






ണ്ടാണ് ഈ മാലിന്യമല ആയിരങ്ങൾക്ക് ഉപജീവനമാർഗ്ഗമാകുന്നത്. ഉപേക്ഷിക്കപ്പെട്ട വസ്തുക്കൾ പെറുക്കിയെടുക്കുന്നവർ, അവ തരം തിരിക്കുന്നവർ, വൃത്തിയാക്കുന്നവർ, വാങ്ങുന്നവർ, എന്നിങ്ങനെ ഇവിടുത്തെ ജനം മുഴുവൻ സ്വയം തൊഴിൽ കണ്ടെത്തിയവരാണ്. ഭാവിയുടെ വാഗ്ദാനങ്ങളായ നൂറുകണക്കിന് കുട്ടികളാണ് ഇവിടെ പണിയെടുക്കുന്നത്. രാത്രിയുടെ അവസാന യാമങ്ങളിൽ മാലിന്യ മല കയറുന്ന ഇവർ രാവിലെ ഏഴുമണിയോടെ അടിവാരത്തെത്തു മ്പോൾ ശരാശരി 30–40 രൂപാ സമ്പാദിച്ചിട്ടുണ്ടാകും. അത് അവർ കുടുംബത്തിലേക്കു നൽകുന്ന വരുമാനം. സ്കൂൾ വിദ്യാഭ്യാസം അവർക്ക് അന്യം. ശുചിത്വമുള്ള വസ്തുക്കളും ഭക്ഷണവും അവർക്ക് സ്വപ് നത്തിൽ പോലുമില്ല. ബാല്യത്തിന്റെ സൗകുമാര്യവും കൗമാര ത്തിന്റെ സ്വപ്നങ്ങളും അവരിൽ നിന്നും എത്രയോ അകലെ. ഏതാ നും കിലോമീറ്ററുകൾക്കപ്പുറം സമപ്രായക്കാർ സ്കൂൾ ബാഗുകളു മായി വോൾവോ ബസുകളിലും എ.സി. കാറുകളിലും വിദ്യയഭ്യ സിക്കാൻ പോകുമ്പോൾ ഭാഗ്യഹീനരായ ഈ കുട്ടികൾ മുഷിഞ്ഞ ചാക്കുകളും  പേറി മാലിന്യമലമുകളിലേക്ക് നടന്നു കയറുകയാണ്. തികച്ചും അനാരോഗ്യകരമായ ചുറ്റുപാടുകളിൽ ജീവിക്കുന്ന  ഇവ





രുടെ ഇടയിലേക്ക് പുതുജീവിതത്തിന്റെ ഉണർത്തുപാട്ടുമായി രണ്ടുപേർ കടന്നു ചെന്നു. ഡൽഹിയിൽ സെന്തോമസ് മിഷനറി സൊസൈറ്റിയുടെ ദീപ്തി ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയിൽ അംഗങ്ങളായ ഫാ. സന്തോഷ് ഓലപ്പുരയും ഫാ. ലിജോ കവുന്നുകാട്ടിലും.

## എം.എസ്.റ്റി മിഷനറിമാർ മാലിന്യ മല കയറുന്നു

തികച്ചും അപ്രതീക്ഷിതമായിട്ടായിരുന്നു എം.എസ്.റ്റി മിഷനറിമാർ ഈ മാലിന്യമലയും, അവിടെ ജീവിതം ആഘോഷിക്കുന്ന നൂറുകണക്കിന് കുട്ടികളേയും കണ്ടുമുട്ടിയത്. പല വലിയ ദൗത്യങ്ങളും ആരംഭിക്കുന്നത് ഇങ്ങിനെയാണല്ലോ? അതിനു നിമിത്തമാകുന്നത് ഒരു സംഭാഷണമോ, കണ്ടുമുട്ടലോ, മനസ്സിനെ മഥിക്കുന്ന ഒരു കാഴ്ചയോ ഒക്കെ ആകാം. ബാലസ്വായിലെ മാലിന്യമലയിൽ കണ്ട കാഴ്ച വളരെ വലിയ ഒരു രക്ഷാദൗത്യത്തിന് കാരണമാവുകയായിരുന്നു.

ഡൽഹിയുടെ പ്രാന്തപ്രദേശമായ ഹരിയാനയോടു ചേർന്നു കിടക്കുന്ന, നജഫ്ഘട്ട് എന്ന സ്ഥലത്ത് സെന്റ് തോമസ് മിഷനറി സൊസൈറ്റിയുടെ സന്നദ്ധ സംഘടനയായ ദീപ്തി ഫൗണ്ടേഷൻ നടത്തുന്ന ഒരു ഹോസ്റ്റലുണ്ട്. ദീപ്തി ആശ്രമം എന്ന് ഇത് അറിയപ്പെടുന്നു. തങ്ങളുടെതല്ലാത്ത തെറ്റുകൾക്കൊണ്ട് സമൂഹം ഭ്രഷ്ട് കൽപ്പിച്ചു മാറ്റി നിർത്തുന്ന എച്ച്. ഐ.വി. രോഗബാധിതരായ 18 ആൺകുട്ടികൾ സ്നേഹസ്വാന്തനങ്ങൾ ഏറ്റുവാങ്ങി ഇവിടെ ജീവിക്കുന്നു. വിദ്യാഭ്യാസമുൾപ്പെടെ





യുള്ള അവരുടെ എല്ലാ ചിലവുകളും വഹിക്കുന്നത് ദീപ്തി ഫൗണ്ടേഷൻ തന്നെയാണ്.

ഒരിക്കൽ ലിജോ അച്ചനാണ് അത് ശ്രദ്ധിച്ചത്. കൃഷ്ണ എന്ന് പേരുള്ള ഒരു കുട്ടിയുടെ കാലുകൾ മുഴുവൻ മുറിവിന്റെ പാടുകൾ, പാദം മുതൽ മുട്ടുവരെ എല്ലായിടത്തും മുറിപ്പാടുകളാണ്. അതിനെക്കുറിച്ച് ആരാഞ്ഞപ്പോൾ അവൻ പറഞ്ഞു ഇവ അവന്റെ കഴിഞ്ഞ കാല ജീവിതത്തിന്റെ ബാക്കി പത്രമാണ് എന്ന്. പല വർഷങ്ങൾ അവൻ ബാലസ്വായിലെ മലമുകളിൽ മാലിന്യങ്ങൾ പെറുക്കി ജീവിച്ചതാണ്. അവിടെ മുട്ടറ്റം മാലിന്യത്തിൽ കുപ്പിച്ചില്ലുകൾ പെറുക്കുകയായിരുന്നു അവൻ. അതിന്റെ അടയാളങ്ങളാണ് കാലുകളിലെ മുറിവുകൾ. അവനിൽ നിന്നുമാണ് അച്ചന്മാർ ബാലസ്വായിലെ മാലിന്യമലയെക്കുറിച്ചും അതിൽ നിധി തേടുന്ന ആയിരങ്ങളെക്കുറിച്ചും കേൾക്കുന്നത്. അപ്പോൾ തന്നെ അവർ തീരുമാനിച്ചു അവിടെ പോകണം, അവിടെയുള്ള ഹതഭാഗ്യരെ കണ്ടെത്തണം. പിറ്റേ ദിവസം തന്നെ കൃഷ്ണനെയും കൂട്ടി അവർ ബാലസ്വാ ലക്ഷ്യമാക്കി യാത്രയായി. ആദ്യം പോയത് അവന്റെ വീട്ടിലേക്കാണ്. ഗ്രാമത്തിലേക്കുള്ള പ്രവേശന വഴിയിൽ വണ്ടി നിർത്തി ഇടുങ്ങിയ വഴികളിലൂടെ നടക്കണം. മാലിന്യം നിറഞ്ഞ പരിസരങ്ങളും ഇടുങ്ങിയ ദുർഗന്ധം വമിക്കുന്ന വഴികളും പിന്നിട്ടാണ് അവർ കൃഷ്ണയുടെ വീട്ടിൽ എത്തിയത്. കാണാൻ പോകുന്ന ആ വലിയ കാഴ്ചയുടെ മുന്നാസ്വാദനം മാത്രമാണ് അതെന്ന് അവർ അപ്പോഴേ മനസ്സിലാക്കി. അവന്റെ മാതാപിതാക്കളിൽ നിന്നും



**ക**ഴിഞ്ഞ നാലു വർഷമായി ബാലസ്വായ്ക്കു വന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഞാൻ കാണുന്നു. അതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. അവിടുത്തെ കുട്ടികളിൽ ധാരാളം പേർ ഇപ്പോൾ എഴുതുവാനും വായിക്കുവാനും പ്രാപ്തരാണെന്ന് കാണുന്നത് വലിയ സംതൃപ്തി ഉളവാക്കുന്നു. ശുചിത്വത്തിന്റെ കാര്യത്തിലും അവർ വളരെയേറെ വളർന്നിരിക്കുന്നു. നാം പാഠശാലകൾ ആരംഭിച്ച കാലത്ത് അവർ ഡംപിംഗ് യാർഡിൽ നിന്നും നേരെ അവിടേക്കു വരികയായിരുന്നു, അഴുക്കു പുരണ്ടതും ദുർഗ്ഗന്ധം വമിക്കുന്നതുമായ അവസ്ഥയിൽ. ഇന്നതെല്ലാം മാറി. വൃത്തിയായി മാത്രമേ അവർ വരാറുള്ളൂ. ഭാവിയെക്കുറിച്ച് മോഹനസ്വപ്നങ്ങൾ കാണുവാൻ അവർ ഇന്ന് പ്രാപ്തരാണ്. അവരെ പഠിപ്പിക്കുന്ന അദ്ധ്യാപികമാരും അതേ ഗ്രാമത്തിൽ നിന്നും ഉള്ളവരായതുകൊണ്ട് തന്നെ ഈ മാറ്റം വളരെ ശ്രദ്ധയാകർഷിക്കുന്നു.

ഈ പ്രദേശം വളരെ വേഗം വികസിക്കുന്നതും ഓരോ ദിവസവും മെച്ചപ്പെടുന്നതും കാണുമ്പോൾ ഒത്തിരി സന്തോഷം തോന്നുന്നു. 2013–17 കാലയളവിൽ അവരുടെയും എന്റെയും ജീവിതത്തിൽ ഒരുപാട് മാറ്റങ്ങൾ സംഭവിച്ചു. ഞാൻ ഇപ്പോൾ ശരിക്കും അവരിൽ ഒരാളാണ്. ഈ ചിന്ത തന്നെയാണ് എന്നെ മുന്നോട്ട് നയിക്കുന്നത്. ഈ കുട്ടികളുടെ സംതൃപ്തമായ മുഖം കാണുന്നതിലും വലിയ സന്തോഷം വേറൊന്നില്ല. അവർക്കുവേണ്ടി ജീവിക്കുവാൻ സാധിക്കുന്നത് ഒരനുഗ്രഹമായി ഞാൻ കാണുന്നു. ജീവിതത്തിന്റെയും നാം ഉപയോഗിക്കുന്ന വസ്തുക്കളുടെയും ശരിയായ മൂല്യം എന്നെ പഠിപ്പിച്ചത് അവരാണ്.

**ഫാ. സന്തോഷ് ഓലപ്പുരയ്ക്കൽ**





അവർ കൂടുതൽ കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. പിന്നീടാണ് അവർ ലക്ഷ്യസ്ഥാനത്തേക്ക് യാത്രയായത്.

ദൂരെ നിന്നുതന്നെ മാലിന്യകൂമ്പാരം കാണാം. ശരിക്കും ഒരു വലിയ മലതന്നെ. കഴുകന്മാരും കാക്കകളും വട്ടമിട്ടു പറക്കുന്നത് ദൂരെനിന്നു തന്നെ കാണാം. പല ഭാഗത്തുനിന്നും പുക ഉയരുന്നുണ്ടായിരുന്നു. മാലിന്യങ്ങൾ അടിഞ്ഞുണ്ടാകുന്ന ടോക്സിക്ക് പദാർത്ഥങ്ങൾ മൂലം പലയിടത്തും ചെറിയ തീ ഉയരുന്നുണ്ട്. അടുത്തെത്തും തോറും കാണുന്നത് മനം പിരട്ടുന്ന കാഴ്ചകൾ. എങ്ങും മാലിന്യങ്ങൾ മാത്രം. ഏക്കറുകൾ പരന്നുകിടക്കുന്ന മാലിന്യകൂമ്പാരം. ഓരോ ദിവസവും ഉയരവും വ്യാപ്തിയും കൂടി വരുന്ന ഈ മലയ്ക്ക് ഇന്ന് 40 ഏക്കറോളം വിസ്തൃതിയുണ്ട്. അതിന്റെ ചുവട്ടിൽ എത്തിയപ്പോൾ തന്നെ കാണാം മറക്കാനാവാത്ത കാഴ്ചകൾ. പട്ടികളും പന്നികളും മത്സരബബുദ്ധിയോടെ പാഞ്ഞുനടക്കുന്നു. പല ഭാഗത്തുനിന്നും പുക ഉയരുന്നു. കൃഷ്ണ അച്ചന്മാരെ മലമുകളിലേക്ക് നയിച്ചു. ഇടയ്ക്കൊക്കെ ഓരോ ലോറികൾ മാലിന്യവുമായി വരുന്നുണ്ട്. മുകളിലേത്തിയപ്പോഴാണ് അവർ ശരിക്കും





അമ്പരന്നത്. ഉയരങ്ങൾ കീഴട ക്കിയതിന്റെ സന്തോഷമല്ല അവർ അപ്പോൾ അനുഭവിച്ചത്. ഉയരങ്ങ ളിൽ കണ്ട കാഴ്ച യഥാർത്ഥതിൽ അവരെ നടുക്കുകയായിരുന്നു. നൂറു കണക്കിന് കുട്ടികൾ അവിടെ ഉല്ലസിച്ചു നടക്കുന്നു. അവർ 'പെറുക്കി' കളാണ്. പെ റുക്കുന്നത് മാലിന്യമല്ല, മാലിന്യങ്ങൾക്കിടയിലെ ഉപയോഗ്യമായ വസ്തുക്കളാണ്. അവരുടെ ജീവിതം തന്നെയാണ് അവർ ഇവിടെ പരതുന്നത്. നഷ്ടപ്പെട്ടു പോയ ബാല്യ കാല സന്തോഷവും കൈമോശം വന്ന കൗമാര സ്വപ്നങ്ങളും. ഏതാനും കിലോമീറ്റർ അകലെ സമപ്രായക്കാർ സ്വപ്നങ്ങൾ കണ്ടു ജീവിക്കുമ്പോൾ ഇവിടെ ഈ കുട്ടികൾ സ്വപ്നങ്ങൾ വിറ്റു ജീവി ക്കുകയാണ്. ഭീതിദവും ക്രൂരവും മനസ്സിളക്കുന്നതുമായ കാഴ്ച. ഒരു പക്ഷേ ജീവിതത്തിലൊരിക്കലും ഈ ദൃശ്യം മനസ്സിൽ നിന്നു മാഞ്ഞുപോയി എന്നു വരില്ല.

അവിടെ ആ മലമുകളിലെ മാലിന്യങ്ങൾക്കിടയിൽ നിന്നുകൊണ്ട് അവി ടെയുള്ള ആ കുട്ടികളെ സാക്ഷിയാക്കി ആ രണ്ടു യുവ മിഷനറിമാർ അന്നു തീരുമാനമെടുത്തു. ഈ കുട്ടികൾക്ക് ഒരു പുതുജീവിതം നൽക






ണം. ഇവരും ദൈവത്തിന്റെ മക്കളാണ്. ദൈവം നൽകിയ ദാനങ്ങൾക്ക് ഇവർക്കും അവകാശമുണ്ട്. ആ അവകാശം നിഷേധിക്കുവാൻ ആർക്കും സാധിക്കുകയില്ല. ഈ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം. വിശാലമായ ലോകത്തിന്റെ സുന്ദര കാഴ്ചകളിലേക്ക് ആനയിക്കണം. സെന്റ് തോമസ് മിഷനറി സൊസൈറ്റിയുടെ ഒരു പുതിയ മിഷൻ അവിടെ പിറവിയെടുക്കുകയായിരുന്നു. ഇതുവരെ ഒരു സന്നദ്ധസംഘടനയും ഏറ്റെടുക്കുവാൻ തയ്യാറാകാതിരുന്ന ഒരു ദൗത്യം.

## ബാലാസ്വയിലെ ഗ്യാൻസരോവർ

ബാലസ്വായിലെ മലയുടെ മുകളിൽ നിന്നുകൊണ്ട് ലിജോ അച്ചനും സന്തോഷച്ചനും എടുത്ത തീരുമാനത്തിന്റെ ഫലമായി മലയടിവാരത്തിൽ പിറവിയെടുത്ത ശാക്തിക കേന്ദ്രമാണ് (Empowering Center) ഗ്യാൻസരോവർ. മാലിന്യമലയുടെ മുകളിൽ മലിനതയോടു മല്ലടിച്ചു കഴിഞ്ഞിരുന്ന കുരുന്നുകളുടെ ഉയിർത്തെഴുന്നേൽപ്പും പുനരധിവാസവും ലക്ഷ്യമാക്കി ദീപ്തി ഫൗണ്ടേഷൻ ആരംഭിച്ച നൂതനമായ കർമ്മപദ്ധതി. ഗ്യാൻസരോവർ എന്നാൽ അറിവിന്റെ പാരാവാരം എന്നാണർത്ഥം. മാലിന്യകൂമ്പാരത്തിൽ നിന്നും പുറത്തുവന്ന് അറിവിന്റെ സമുദ്രങ്ങൾ താണ്ടി സമൂഹത്തിന് ക്രിയാത്മക സംഭാവനകൾ നൽകുന്ന ഉത്തമ പൗരന്മാരായി മാറാൻ ബാലസ്വായിലെ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് ഈ കർമ്മപദ്ധതിയുടെ ലക്ഷ്യം.



2012 ൽ ആശയരൂപം പൂണ്ട പദ്ധതിക്ക് നൈയാമിക രൂപം ലഭിച്ചതും ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടതും 2013 ലാണ്. മലമുകളിൽ നിന്നും ഉയിർക്കൊണ്ട തീരുമാനം ഒരാഗ്രഹത്തിന്റെ തിരയിളക്കം മാത്രമായിരുന്നില്ല. തീരുമാനത്തെ പിൻതുടരുവാനുള്ള ഇച്ഛാശക്തിയും മിഷനറിമാർക്കുണ്ടായിരുന്നു. എന്നാൽ ഇവ മാത്രം പോരല്ലോ! മാർഗ്ഗദർശനം നൽകുവാനും സാമ്പത്തികമായി സഹായിക്കാനും ഏതെങ്കിലും ഏജൻസികൾ വേണം. ഹോളിസ്റ്റിക് ചയിൽഡ് ഡവല്പ്മെന്റ് ഓഫ് ഇന്ത്യ അധികൃതരെയാണ് അവർ സമീപിച്ചത്. അവർ സന്തോഷത്തോടെ പദ്ധതി ഏറ്റെടുത്തു.

മൂന്നു ഘട്ടങ്ങളിലായിട്ടാണ് ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോയത്. ആദ്യഘട്ടമായിരുന്നു ഏറ്റവും ആയാസകരം. കോളനിയിലെ എല്ലാ വീടുകളും സന്ദർശിച്ച് മുതിർന്നവരുടെയും കുട്ടികളുടെയും എണ്ണം എടുത്തു. അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടറിഞ്ഞ് അവയെ മുൻഗണനാക്രമത്തിൽ തിട്ടപ്പെടുത്തി. കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമുള്ള പദ്ധതികൾക്ക് രൂപം നൽകി. ഇതെല്ലാം ചെയ്യുവാനും പദ്ധതികൾ ഏകോപിപ്പിക്കാനും സഹായികളായും മുഴുവൻ സമയ പ്രവർത്തകരുമായി സമർത്ഥരായ ഏതാനും യുവാക്കളെ നിയമിച്ചു.

ഈ പദ്ധതികളുമായി മുന്നോട്ടു പോവുക അത്ര എളുപ്പമായിരുന്നില്ല. ഗുണഭോക്താക്കളെ വിശ്വസിപ്പിക്കുക എന്നതായിരുന്നു



ഏറ്റവും ഭാരിച്ച ജോലി. കുട്ടികളെ പറഞ്ഞ് ബോധവത്കരിക്കുവാൻ എളുപ്പമായിരുന്നു. അവരെ സ്നേഹത്തോടെ സമീപിച്ച് നല്ല വസ്ത്രങ്ങൾ നൽകി, ഒരുമിച്ചു കൂടുവാനും കളിക്കുവാനും ഉല്ലസിക്കാനുമുള്ള അവസരങ്ങൾ ഒരുക്കിയപ്പോൾ അവർക്കു സന്തോഷമായി. അച്ചന്മാരുടെ സ്നേഹവും കരുതലും അവർക്ക് വിശ്വസിക്കാവുന്നതിലും അപ്പുറമായിരുന്നു. എന്നാൽ മുതിർന്നവരെ ബോധ്യപ്പെടുത്തുവാൻ ബുദ്ധിമുട്ടായിരുന്നു. നിലവിലുള്ള വ്യവസ്ഥിതിക്കു മാറ്റം വരുത്തുവാൻ അവർ ഒരുക്കമല്ലായിരുന്നു. കുട്ടികളെ പഠിപ്പിക്കേണ്ട ആവശ്യകത അവർ അംഗീകരിച്ചില്ല. ദേശീയ തലസ്ഥാനത്താണ് ജീവിക്കുന്നതെങ്കിലും നാഗരിക ജീവിതത്തിന്റെ ഒരംശം പോലും അവർക്ക് ലഭിച്ചിട്ടില്ലല്ലോ? അതൊന്നും സ്വപ്നം കാണുവാനുള്ള അർഹത പോലും തങ്ങൾക്കോ തങ്ങളുടെ കുഞ്ഞുങ്ങൾക്കോ വിധിച്ചിട്ടില്ല എന്ന് വിശ്വസിച്ചവരാണ് അധികവും. തങ്ങളുടെ കുട്ടികളെ ആരു പഠിപ്പിക്കുവാൻ, അഥവാ പഠിപ്പിച്ചാലും എന്തുകാര്യം? സാമൂഹികമായ ഉച്ചനീചത്വങ്ങൾ സ്ഥിതി ചെയ്യുന്ന അവസ്ഥയിൽ താഴ്ന്നവരായ തങ്ങളുടെ കുട്ടികൾക്ക് ഏതു സ്കൂളിലാണ് പ്രവേശനം ലഭിക്കുക. ഇനി, കിട്ടിയാൽ തന്നെ അവർക്ക് പഠിക്കുവാൻ സാധിക്കുമോ? അതിന്റെയൊന്നും ആവശ്യമില്ല. തന്നെയുമല്ല, കുട്ടികൾ പഠിക്കുവാൻ പോകുന്നതു വഴി ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ആരു നികത്തും.? ഒരു കുട്ടി ശരാശരി 30 രൂപയോളം ദിവസേന വീട്ടിൽ കൊണ്ടുവരുന്നതാണ്. അത് നഷ്ടമാകില്ലേ? ഇതെല്ലാമായിരുന്നു അവരുടെ പ്രശ്നങ്ങൾ. എങ്കിലും ഒടുവിൽ അവരുടെ അധ്വാനസമയം കഴിയുമ്പോൾ കുട്ടികളെ പഠിക്കുവാൻ കൊണ്ടുപൊയ്ക്കൊള്ളുവാൻ അവർ സമ്മതിച്ചു.





ഡൽഹിയിലെ ബാലസ്വായിലെ മാലിന്യം പെറുക്കുന്നവരുടെ ഇടയിൽ എം.എസ്.റ്റി. നടത്തുന്ന പ്രവർത്തനങ്ങൾ തികച്ചും വ്യത്യസ്തമായ ഒരു ശുശ്രൂഷയാണ്. ശോചനീയമായ ചുറ്റുപാടിൽ ചൂഷിതരും തിരസ്കൃതരുമായുള്ള ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനുള്ള നമ്മുടെ പ്രവർത്തനങ്ങൾ ക്ലേശകരവും ഏറെ വെല്ലുവിളികൾ നിറഞ്ഞതുമാണ്. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, തൊഴിലധിഷ്ഠിത പരിശീലനം മറ്റും വഴി കുട്ടികൾ, യുവജനങ്ങൾ, മാതാപിതാക്കൾ, തുടങ്ങി അനേകരെ പുതുജീവിതത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. മൂന്നു നാലു വർഷം ഇവിടെ പ്രവർത്തിച്ച വ്യക്തിയെന്ന നിലയിൽ നമ്മുടെ ഇവിടുത്തെ പ്രവർത്തനങ്ങൾ യേശുവിന്റെ സ്നേഹത്തിനും, കരുണയ്ക്കും, നീതിക്കും വേണ്ടിയുള്ള സാക്ഷ്യം വഹിക്കലാണ് എന്ന് നിസംശയം പറയാൻ കഴിയും. ഒരു പക്ഷേ നമ്മുടെ കൂടെ വന്നില്ലെങ്കിൽ ഗുണ്ടകളും സാമൂഹികദ്രോഹികളും ഒക്കെയായി മാറേണ്ടിയിരുന്ന അനേകരെ നീതിബോധവും, ദൈവവിശ്വാസവും ഉത്തരവാദിത്വബോധവുമുള്ള നല്ല പൗരന്മാരായി പരിശീലിപ്പിക്കുന്ന ഇവിടുത്തെ പ്രവർത്തനങ്ങൾ അഭിനന്ദാർഹമാണ്. സമർപ്പണബോധത്തോടും പൂർവ്വാധികം ഉത്സാഹത്തോടും കൂടി മുന്നേറാൻ ഇതിനു നേതൃത്വം കൊടുക്കുന്നവരേയും പ്രവർത്തിക്കുന്നവരെയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുന്നു.

– ഫാ. കുര്യൻ കൊച്ചെട്ടൊന്നിൽ

അങ്ങനെയാണ് ബാലസ്വായിലെ അനൗദ്യോഗിക പാഠശാലകൾ ആരംഭിച്ചത്. 2013 മാർച്ച് മാസത്തിൽ എം.എസ്.റ്റി. ഡയറക്ടർ ജനറൽ ഫാ. ജെയിംസ് അത്തിക്കളം ഇവയുടെ ഔദ്യോഗികമായ ഉദ്ഘാടനം നിർവ്വഹിച്ചു. ബാലസ്വായിലെ കുട്ടികൾ പതിവുപോലെ രാത്രിയുടെ അന്തിമയാമങ്ങളിൽ പതിവു ജോലികൾക്കായി പോകും. കിട്ടുന്നത് പെറുക്കിയെടുത്ത് കടകളിൽ നൽകിയശേഷം അവരുടെ പുതിയ ജീവിതം ആരംഭിക്കുകയായി. വീടുകളിൽ പോയി കുളിച്ച് അലക്കി വെളുപ്പിച്ച വസ്ത്രങ്ങൾ ധരിച്ച് സ്കൂൾ ബാഗുകൾ തൂക്കി അവർ വരികയായി, തങ്ങളുടെ പുതിയ പാഠശാലകളിലേക്ക്. മനസ്സും ഹൃദയവും നിറഞ്ഞ ഉത്സാഹമാണവർക്ക്. ഇതുവരെ സ്വപ്






നത്തിൽ പോലും കാണാതിരുന്ന സൗഭാഗ്യം. അറിവു മാത്രമല്ല സ്നേഹവും നിറയെ വെച്ചുവിളമ്പുന്ന അദ്ധ്യാപകരുണ്ട് അവർക്ക്. അതും സ്വന്തം നാട്ടിലും കുടുംബങ്ങളിൽ നിന്നും ഉള്ളവർ. തങ്ങളെ സ്വന്തം മക്കളെപ്പോലെ കരുതുന്ന ഫാദർജിമാരുണ്ട്. ഈ ഫാദർജിമാർ എവിടെ നിന്നാണെന്ന് അവർക്ക് അറിഞ്ഞുകൂട. ഒന്നറിയാം, തങ്ങളെ പുതിയ ലോകത്തിലേക്ക് കൈപിടിച്ചാനയിക്കാൻ വന്ന ദൈവദൂതന്മാരാണവർ. അറിവു മാത്രമല്ല അന്നവും അവർ സ്നേഹപൂർവ്വം വച്ചു വിളമ്പി തരുന്നുണ്ട്. എല്ലാ ദിവസവും ഒരു നേരത്തെ ഭക്ഷണം ഈ കുട്ടികൾക്ക് സൗജന്യമായി ലഭിക്കുന്നുണ്ട്. ഭക്ഷണം മാത്രമല്ല, വിദ്യാഭ്യാസവും തികച്ചും സൗജന്യം തന്നെ. എന്നാലും അക്ഷരങ്ങളുടെ ലോകത്തേക്കുള്ള ഈ കുട്ടികളുടെ യാത്ര അത്ര എളുപ്പമായിരുന്നില്ല. സ്വന്തം അപകർഷതയോടും മാതാപിതാക്കളുടെ നിസ്സംഗതയോടും പോരാടി വേണം അവർക്ക് അക്ഷരങ്ങൾ അഭ്യസിക്കുവാൻ. അതിന് താങ്ങും തണലുമായി ഗ്യാൻസരോവറിലെ അംഗങ്ങൾ മുഴുവൻ കൂടെയുണ്ട്. അതുതന്നെയാണ് ഈ കുട്ടികളുടെ സമ്പത്തും സൗഭാഗ്യവും.

## ഗ്യാൻ സരോവറിലെ പ്രവർത്തന മേഖലകൾ

ഗ്യാൻ– അത് അറിവാണ്, അറിവ് വെളിച്ചമാണ്. ഇരുളടഞ്ഞ ഭാവിയിലേക്ക് ദൈവം അയക്കുന്ന വെളിച്ചമാണ് ഗ്യാൻസരോവർ. സമർപ്പണ ബോധത്തോടുകൂടി, കൈ മെയ് മറന്ന് സന്തോഷത്തോടു കൂടി ഓരേ മനസ്സോടെ അധ്വാനിക്കുനന ഒരു ടീമാണ് ഗ്യാൻ സരോവറിന്റെ ശക്തിയും ചൈതന്യവുമെന്ന് ഡയറക്ടർ സന്തോഷ് ഓലപ്പുര



“എന്റെ ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോഴെല്ലാം എനിക്കു തന്നെയാണ് ചെയ്തത് ” എന്ന ഈശോയുടെ തിരുമൊഴികൾ ജീവിക്കുവാൻ കിട്ടിയ വലിയ അവസരമായി ഈ ശുശ്രൂഷാ മേഖലയെ ഞാൻ കാണുന്നു. തങ്ങൾ വേണ്ടപ്പെട്ടവരാണെന്നും സ്നേഹിക്കപ്പെടുന്നവരും കരുതൽ അനുഭവിക്കുന്നവരുമാണെന്നും തങ്ങൾക്കും എല്ലാവരും ഉണ്ട് എന്നുള്ള ബോദ്ധ്യവും ബാലസ്വായിലെ കുട്ടികളിൽ ഉളവാക്കുവാനും അവരെ ശ്രദ്ധിക്കുവാനും പ്രത്യാശയുള്ളവരായി വളർത്തുവാനും അവരോടൊപ്പമായിരുന്ന് പ്രവർത്തിക്കുന്നതിലൂടെ കഴിയുന്നു എന്നത് സന്തോഷദായകമായ ഒരു ഓർമ്മയായി എന്നു പറയാനാകും. ജീവിതം വച്ചു നീട്ടിയ നെഗറ്റീവ് അനുഭവങ്ങളുടെ ആകെത്തുകയായ ഈ കുഞ്ഞുങ്ങളെ ഹൃദയപൂർവ്വം ഓർക്കുവാനും അവർക്കായി ദൈവസന്നിധിയിൽ പ്രാർത്ഥങ്ങൾ ഉയർത്തുവാനും, ബലി അർപ്പിക്കുവാനുമൊക്കെ ഈ കഴിഞ്ഞ നാളുകളിൽ സാധിച്ചു. അത് അവരുടെയും എന്റെയും ജീവിതത്തിന് പ്രതീക്ഷയോടെ, സന്തോഷത്തോടെ മുന്നോട്ടു പോകുവാനുള്ള ആത്മീയ ഊർജ്ജം പകർന്നു തരുന്നു.

കുഞ്ഞുങ്ങളും ഈ സ്നേഹസേവനങ്ങളോട് നല്ല രീതിയിൽ സഹകരിക്കുകയും അവർക്കായി ചൂണ്ടിക്കാണിക്കുന്ന നൽവഴികളിലൂടെ നടന്നു നീങ്ങുവാനും പരിശ്രമിക്കുന്നു. ഈ മിഷൻ പ്രവർത്തനം ഏറെ ഫലദായകമായി ഇനിയും തുടരുവാൻ, ഇതുപോലെ അനേകം ജീവിതങ്ങളെ കൂരിരുളിൽ നിന്ന് വെളിച്ചത്തിലേക്ക് കൈ പിടിച്ചുയർത്തുവാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു

**ഫാ. എബിൻ കൊച്ചുപുരയ്ക്കൽ.**

ക്കലച്ചൻ സാക്ഷ്യപ്പെടുത്തുന്നു. അവരോടൊപ്പം ഒരു പകൽ മുഴുവൻ ചിലവിട്ടപ്പോൾ അത് എനിക്കും ബോധ്യപ്പെടുകയും ചെയ്തു. വിവിധ സ്ഥലങ്ങളിൽ നിന്നും വന്ന പതിനാറോളം വ്യക്തികളാണ് ഇന്ന് ഗ്യാൻസരോവറിന്റെ ശക്തി. സന്തോഷച്ചന്റെ സാഹസിക ബുദ്ധിയും കർമ്മകുശലതയും സമർപ്പണ ഭാവവും അളവില്ലാത്ത സ്നേഹവും അവർക്ക് തുണയായി മാറുന്നു.

ജോലിയിൽ നിന്നും ലഭിക്കുന്ന ശമ്പളത്തെക്കാൾ അതിൽ നിന്നു

ലഭിക്കുന്ന സംതൃപ്തിയാണ് വലുതെന്ന് ഗ്യാൻസരോവറിലെ ഓരോ അംഗവും സാക്ഷ്യപ്പെടുത്തുന്നു.

ബാലസ്വ ഡംപിഗ് യാർഡിനു താഴെയായി ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനിയിൽ തന്നെയാണ് ഗ്യാൻസരോവറിന്റെ ആസ്ഥാനം. ആസ്ഥാനമന്ദിരം എന്നു പറയുവാനായിട്ടുള്ളത് ഗ്രാമീണരുടെ തന്നെ ഒരു ചെറിയ വീടാണ്. അതിന്റെ ഒരു മുറി ഓഫീസായി ഉപയോഗിക്കുന്നു. രണ്ടാമത്തെ മുറിയിൽ കുട്ടികൾക്കും സ്റ്റാഫിനുമുള്ള ഭക്ഷണം പാകം ചെയ്യുന്നു. ഒരു ദിവസം മുന്നൂറോളം കുട്ടികൾക്ക് ഇവിടെ ഭക്ഷണം നൽകുന്നുണ്ട്. കുട്ടികൾക്കുള്ള ഭക്ഷണം അവർ പഠിക്കുന്ന സ്ഥലങ്ങളിൽ തന്നെ എത്തിക്കുകയാണ്. വിശക്കുന്ന വയറിനോട് അക്ഷരം ചൊല്ലിയാൽ ഫലമുണ്ടാകുവാൻ എളുപ്പമല്ലല്ലോ. അതു മുന്നിൽ കണ്ടുകൊണ്ടു തന്നെയാണ് ഈ ക്രമീകരണങ്ങൾ നടത്തിയിട്ടുള്ളത്.

ഇവിടെ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലായി 4 അനൗദ്യോഗിക വിദ്യാഭ്യാസ കേന്ദ്രങ്ങളാണ് ഉള്ളത്. ഓരോ സ്ഥലത്തും രണ്ടു വീതം അദ്ധ്യാപകർ. എല്ലാവരും അവിടെ നിന്നു തന്നെയുള്ള ഊർജ്ജസ്വലരായ യുവതികൾ. ഗ്രാമത്തിൽ നിന്നും വിദ്യാഭ്യാസം നേടുവാൻ ഭാഗ്യം ലഭിച്ച ചുരുക്കം ചിലരിൽ പെട്ടവർ. അവരിൽ ചിലർ ഇപ്പോൾ







ഡിഗ്രി വിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുന്നു. അതിന് സഹായിക്കുന്നത് ദീപ്തി ഫൗണ്ടേഷൻ തന്നെ. സ്വന്തം ഗ്രാമത്തിലെ കുട്ടികളുടെ ഉന്നമനത്തിനായി അവർ മനസ്സും ഹൃദയവും അർപ്പിച്ചു പ്രവർത്തിക്കുന്നു.

വളരെ അത്ഭുതാവഹമായ വിജയമാണ് ഗ്യാൻ സരോവർ ഈ ചുരുങ്ങിയ വർഷം കൊണ്ട് നേടിയത്. ആകെ 630 കുട്ടികൾ ഇതിനകം ഗ്യാൻസരോവരിൽ പേരു ചേർത്തിട്ടുണ്ട്. ഇത്രയും കുട്ടികളെ കുപ്പത്തൊട്ടിയിൽ നിന്നും ഉയർത്തിയെടുക്കുവാൻ സാധിച്ചു എന്നത് വളരെ വലിയ ഒരു വിജയമാണ്. 230 കുട്ടികൾ ഇന്ന് പല സ്കൂളുകളിലായി അവരുടെ ഔദ്യോഗിക വിദ്യാഭ്യാസം നടത്തുന്നു. അന്തസ്സായ വസ്ത്രങ്ങൾ ധരിച്ച്, ബാഗുകളും തൂക്കി അവർ സ്കൂളിൽ പോകുന്നത് കാണുന്നതു തന്നെ നമ്മുടെ മിഷനറിമാർക്ക് സന്തോഷവും



ദീപ്തി ഫൗണ്ടേഷന്റെ ബാലസ്വാ ദൗത്യത്തിന്റെ ഫലപ്രാപ്തി ഒത്തിരി ആളുകളുടെ സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ്. മാലിന്യ കൂമ്പാരങ്ങൾക്കപ്പുറം ഒരു ലോകവും ജീവിതവുമുണ്ട്, ആ ജീവിതം അഭിമാനത്തോടെ ജീവിക്കുവാൻ തങ്ങൾക്കും അവകാശമുണ്ടെന്ന് ആ പാവപ്പെട്ട മനുഷ്യരെ പഠിപ്പിക്കുവാൻ എം.എസ്.റ്റി. ക്കു വേണ്ടി സാധിച്ചുവെന്നതിൽ അഭിമാനിക്കുന്നു. വെല്ലുവിളികൾ നിറഞ്ഞ, എന്നാൽ ആത്മസംതൃപ്തി തന്ന ഒരുപാട് അനുഭവങ്ങൾ ലഭിച്ചിട്ടുണ്ട്. ആദ്യാക്ഷരം പഠിക്കുമ്പോൾ, ആദ്യമായി സ്വന്തം പേര് എഴുതിക്കഴിയുമ്പോൾ അവരുടെ മുഖത്ത് വിരിയുന്ന പുഞ്ചിരി, ജീവിതത്തിൽ ലഭിച്ചിട്ടുള്ള അപൂർവ്വമായ അനുഭവമാണ്. പാവപ്പെട്ടവന്റെ ജീവിതത്തിൽ ഇത്തരത്തിലുള്ള മാറ്റങ്ങൾ വരുത്തുവാൻ ഇനിയും എം.എസ്.റ്റി. യ്ക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

–ഫാ. ലിജോ കവുന്നുകാട്ടിൽ

സംതൃപ്തിയും നൽകുന്ന കാഴ്ചയാണ്. നേരത്തെ പറഞ്ഞതുപോലെ സ്ഥിരമുള്ള ജോലികൾ ചെയ്തിനുശേഷമാണ് അവർ സ്കൂളിൽ വരുന്നത്. ഈ കുട്ടികളെ ഔദ്യോഗിക സ്കൂളുകളിൽ ചേർക്കുന്നതിനു മുൻപ് ഗ്യാൻസരോവറിന്റെ പഠനകേന്ദ്രങ്ങളിൽ കൊണ്ടുവന്ന് അവരെ അക്ഷരങ്ങൾ പഠിപ്പിച്ച് സ്കൂളിലെ സാഹചര്യങ്ങളുമായി ഇണങ്ങി ച്ചേരുവാൻ പ്രാപ്തരാക്കുന്നു. രാവിലെയും ഉച്ചകഴിഞ്ഞുമായിട്ടാണ് സ്കൂൾ വിദ്യാഭ്യാസം. രാവിലെ പോകുന്നവർ ഉച്ചയാകുമ്പോൾ തിരിച്ച് ഗ്യാൻ സരോവറിന്റെ സെന്ററുകളിൽ എത്തും. അവിടെ അവർക്കായി ഉച്ചഭക്ഷണം തയ്യാറായിരിക്കും. ഭക്ഷണത്തിനുശേഷം അവർക്ക് അവിടെ തുടർ പഠനമാണ്. ഉച്ചക്കുശേഷം സ്കൂളിൽ പോകുന്നവർ രാവിലെ തന്നെ ഗ്യാൻസരോവർ സെന്ററുകളിൽ എത്തും. അവിടുത്തെ പഠനശേഷം ഉച്ചഭക്ഷണവും കഴിഞ്ഞാണ് അവർ സ്കൂളിലേക്ക് യാത്രയാവുന്നത്.





നാലു സെന്ററു കളിലുമായി 250 കുട്ടികളാണ് സ്ഥിരമായി പഠനത്തിനെത്തുന്നത്. ചുരുങ്ങിയ കാലം കൊണ്ട് വളരെ വലിയ മാറ്റങ്ങളാണ് ഈ കുട്ടികളിൽ സംഭവിച്ചിട്ടുള്ളത്. സ്വയം വിലമതിക്കുവാനും സ്വന്തം ജീവിതത്തിൽ അഭിമാനിക്കുവാനും അവർക്കിന്നു സാധിക്കുന്നു. എല്ലാവരെയും പോലെ വൃത്തിയായി ജീവിക്കണമെന്നും








എല്ലാവരെയും ബഹുമാനിക്കണമെന്നും ഇന്നവർക്കറിയാം.

അക്ഷരം പഠിപ്പിക്കുക മാത്രമല്ല ഗ്യാൻസരോവർ ചെയ്യുന്നത്. മാലിന്യങ്ങളിലെ ജീവിതവും കുടുംബാന്തരീക്ഷവും ജീവിതത്തിലെ സാഹചര്യങ്ങളും കുട്ടികളിൽ സൃഷ്ടിച്ചിട്ടുള്ള അപകർഷതയിൽ നിന്നും അവരെ മോചിപ്പിക്കുന്നതിനായി നിരന്തരമായ കൗൺസ ലിംഗ് അവർക്ക് ലഭ്യമാക്കുന്നുണ്ട്. അതിനായി ഒരു മുഴുവൻ സമയ കൗൺസിലർ പ്രവർത്തിക്കുന്നു.

## ഗ്യാൻസരോവറും കുട്ടികളുടെ പാർലമെന്റും

ബാലസ്വായിലെ കുട്ടികളുടെ പുനരധിവാസവും വികസനവും ലക്ഷ്യമിട്ട് ദീപ്തി ഫൗണ്ടേഷൻ ഗ്യാൻ സരോവറിന്റെ കീഴിൽ ഏറ്റെ ടുത്തു നടത്തുന്ന ഒരു കർമ്മ പദ്ധതിയാണ് കുട്ടികളുടെ പാർലമെന്റ്. ഈ പദ്ധതിയിലൂടെ കുട്ടികൾക്ക് ജനാധിപത്യ വ്യവസ്ഥിതിയുടെ ബാലപാഠങ്ങൾ പകർന്നു നൽകുന്നതിനൊപ്പം, അവരെ നാടിന്റെ സംരക്ഷണത്തിനും വളർച്ചക്കുമായി അധ്വാനിക്കുവാൻ സന്നദ്ധരും പ്രാപ്തരുമാക്കുന്നു. ഇതിൽ അംഗങ്ങളായിട്ടുള്ള കുട്ടികളെ പന്ത്രണ്ടു ഗ്രൂപ്പുകളായി തിരിച്ചിരിക്കുകയാണ്. ആകെ 220 കുട്ടികൾ അംഗങ്ങ ളായിട്ടുണ്ട്. ഓരോ ഗ്രൂപ്പിലും പത്തു മുതൽ മുപ്പതുവരെ അംഗങ്ങളു കും. ചില ഗ്രൂപ്പുകൾ പെൺകുട്ടികൾക്കു മാത്രമുള്ളതാണ്. ഓരോ ഗ്രൂപ്പിലും ഓരോ പ്രധാനമന്ത്രിയും മന്ത്രിമാരും അംഗങ്ങളുമുണ്ട്. എല്ലാ ശനിയാഴ്ചയും ഈ ഗ്രൂപ്പുകൾ സമ്മേളിക്കും. ഓരോ ഗ്രൂപ്പി നും ഗ്രാമത്തിന്റെ ഓരോ ഭാഗത്തിന്റെ ഉത്തരവാദിത്വം നൽകിയിരി ക്കുന്നു. ശനിയാഴ്ചത്തെ യോഗങ്ങളിൽ തങ്ങളുടെ ഉത്തരവാദിത്വ ത്തിൻ കീഴിൽ വരുന്ന പ്രദേശങ്ങളിലെ ആവശ്യങ്ങളും പ്രശ്നങ്ങളും











അവർ ചർച്ച ചെയ്യും. അതിനുള്ള പരിഹാരമാർഗ്ഗങ്ങളും അവർ നിർദ്ദേശിക്കും.

ഇത്തരത്തിലുള്ള ഒരു കുട്ടി പാർലമെന്റിൽ അവർ ഒരു തീരുമാനം എടുത്തു. തങ്ങളുടെ ആവശ്യങ്ങൾ ഡൽഹി മുഖ്യമന്ത്രിയെ നേരിൽ കണ്ട് അറിയിക്കുക. തദനുസരണം സന്തോഷച്ചന്റേയും മോൻസ് കരുവാക്കുന്നേൽ അച്ചന്റെയും നേതൃത്വത്തിൽ കുട്ടികൾ ഡൽഹി മുഖ്യമന്ത്രിയെ നേരിൽ കണ്ട് അവരുടെ നിവേദനം സമർപ്പിച്ചു. അവരെ വളരെ സ്നേഹത്തോടും താത്പര്യത്തോടും ശ്രവിച്ച മുഖ്യമന്ത്രി കെജരിവാൾ അവരുടെ ആവശ്യങ്ങൾ അംഗീകരിക്കുകയും അവ ഉടൻ നടപ്പിൽ വരുത്തുകയും ചെയ്തു. അങ്ങനെയാണ് ബാലസ്വാ ഗ്രാമത്തിൽ അവർ ജീവിക്കുന്ന സ്ഥലത്ത് ഒരു ജലസംഭരണിയും ജലവിതരണത്തിനുള്ള പൈപ്പും ലഭിച്ചത്. അവിടുത്തെ റോഡുകൾ കോൺക്രീറ്റ് ചെയ്തു കിട്ടിയതും ഇപ്രകാരമുള്ള ഇടപെടലുകൾ വഴിയാണ്.

## ഗ്യാൻസരോവറിന്റെ സത്ഫലങ്ങൾ

ദീപ്തി ഫൗണ്ടേഷന്റെ ഇടപെടലുകളിലൂടെ ബാലസ്വാ പ്രദേശത്തിനും ഇവിടുത്തെ ജനങ്ങൾക്കും വളരെ വലിയ മാറ്റങ്ങൾ സംഭവിച്ചു കഴിഞ്ഞു. ആളുകളുടെ മാനസികതയിലും ചിന്താഗതിയിലും വന്ന മാറ്റങ്ങൾ അവയിൽ ഏറ്റവും പ്രധാനം. ശുചിത്വവും അറിവും ജീവിതത്തിന് ആവശ്യമാണെന്ന് ഒരു പരിധിവരെ അവർ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നു. ആദ്യമൊക്കെ മിഷനറിമാരും ഗ്യാൻസരോവറിലെ സ്റ്റാഫ് അംഗങ്ങളും വീടുകളിൽ ചെന്ന് കുട്ടികളെ വിളിച്ചിറക്കി അവരെ കുളിപ്പിച്ച് വൃത്തിയാക്കി സ്കൂളിലേക്ക് കൊണ്ടു പോവുകയായിരുന്നു. മാതാപിതാക്കൾ ഇതിനൊക്കെ മൂകസാക്ഷികളായി നിസംഗരായി ഇരിക്കുകയായിരുന്നു പതിവ്. ഇന്ന്

അതെല്ലാം മാറി. കുട്ടികളെ ഒരുക്കുവാനും സ്കൂളിൽ വിടുവാനും അവർക്ക് ഉത്സാഹമാണ്. ഇങ്ങനെ വിദ്യാഭ്യാസത്തിന്റെ ആവശ്യക തയും വിലയും ജനങ്ങൾ തിരിച്ചറിഞ്ഞു എന്നുള്ളതാണ് മിഷനറിമാ രുടെ ഒരു വലിയ വിജയം.

നാടിനുണ്ടായ മാറ്റവും എടുത്തു പറയേതാണ്. റോഡുകൾ കോൺക്രീറ്റു ചെയ്തു. പൊതുവായ ഒരു ടോയ്ലറ്റ് നിർമ്മിക്കപ്പെട്ടു. ഒരു ജലസംഭരണിയും ജലവിതരണത്തിനുള്ള പൈപ്പുകളും സ്ഥാപി പ്പിക്കപ്പെട്ടു. ഗ്രാമത്തിലെ റോഡരികിൽ അഴുക്കുചാലുകൾ നി ർമ്മിക്കപ്പെട്ടു. ഇവയെല്ലാം സംഭവിച്ചത് ദീപ്തി ഫൗണ്ടേഷനിലെ മിഷനറിമാരുടെ ഇടപെടലുകൾ കൊുമാത്രമാണ്. പൊതു കക്കൂസ് വൃത്തിഹീനവും ഉപയോഗ ശൂന്യവുമായി മാറുമ്പോൾ അതു വൃത്തി യാക്കുവാൻ മുന്നിട്ടിറങ്ങുന്നതും സന്തോഷച്ചനും അദ്ദേഹത്തിന്റെ കൂടെയുള്ളവരുമാണ്.

ഇതിനെല്ലാം പുറമേയാണ് ഗ്രാമത്തിലെ ആളുകൾക്ക് സ്ഥിരമായ മേൽവിലാസം ലഭിച്ചുവെന്നത്. ഭൂരിഭാഗവും കുടിയേറ്റക്കാരായ ഇവിടുത്തെ ജനങ്ങൾക്ക് സ്വന്തമായി മേൽവിലാസമില്ലായിരുന്നു.



**ബാ**ലസ്വായിലെ കുട്ടികളുടെ കൂടെ പ്രവർത്തി ക്കുവാൻ സാധിച്ചതിൽ ഏറെ സന്തോഷമു്. ഉപ ജീവനത്തിനുവേണ്ടി കുപ്പ പെറുക്കി ജീവിക്കുന്ന ഈ കുഞ്ഞുങ്ങൾക്കു വേണ്ടി കുറച്ചെങ്കിലും ചെയ്യുവാൻ കഴിഞ്ഞതിൽ ഒത്തിരി സന്തോഷ മുണ്ട്. നിഷ്കളങ്കമായ ചിരിയോടെ ഒന്നുമില്ലാ തിരിന്നിട്ടും ഒന്നിനെക്കുറിച്ചും പരാതിയോ പരിഭവമോ ഇല്ലാതെ ഉള്ളതിൽ തൃപ്തിപ്പെട്ട് സന്തോഷത്തോടെ അവർ ജീവിക്കുന്നു. അവരുടെ ജീവിതം എന്നിൽ ഒത്തിരി സ്വാധീനം ചെലുത്തി. അത് അവർക്കുവേണ്ടി പ്രവർത്തിക്കുന്നതിനും അവരോടൊപ്പം ജീവി ക്കുന്നതിനും എന്നെ ഏറെ പ്രേരിപ്പിക്കുന്നു.

ഫാ. മോൻസ് കറുവാകുന്നേൽ










അതുണ്ടാക്കുക ക്ഷിപ്രസാദ്ധ്യമായിരുന്നില്ല. എങ്കിലും മിഷനറിമാരുടെ പ്രവർത്തനഫലമായി ഇന്ന് എല്ലാവർക്കും തന്നെ സ്ഥിരമേൽവിലാസമായി. 2500 ആളുകൾക്ക് ആധാർ കാർഡ് ലഭിച്ചു കഴിഞ്ഞു. ഇതിനായി എല്ലാത്തരത്തിലും പ്രവർത്തിച്ചത് ഗ്യാൻസരോവറിലെ അംഗങ്ങൾ തന്നെയാണ്.

ഗ്യാൻസരോവറിൽ പേരു ചേർത്ത് ഇതിന്റെ അംഗമായി തീർന്ന് സ്ഥിരം സ്കൂളിൽ വരുന്ന കുട്ടികളിൽ ഉണ്ടായ മാറ്റവും വളർച്ചയും എടുത്തു പറയേതാണ്. മാലിന്യ മലമുകളിൽ നഷ്ടപ്പെട്ടു പോകുമായിരുന്ന 500 ലധികം കുട്ടികളാണ് ഇന്ന് സുരക്ഷിത ബോധത്തോടെ തുറന്ന ഭാവിയിലേക്ക് ദൃഷ്ടി പതിപ്പിച്ച് അക്ഷരങ്ങളുടെ ലോകത്തിലൂടെ ഉല്ലസിച്ചു നടക്കുന്നത്. ബാക്കിയെല്ലാം മറന്നാലും ഈ കുട്ടികൾ ഗ്യാൻസരോവറിനെയും അവരുടെ പ്രിയപ്പെട്ട ഫാദർജിമാരെയും മറക്കുമെന്നു തോന്നുന്നില്ല. അഭിമാനത്തോടെ, സന്തോഷത്തോടെ, തലയെടുപ്പോടെ, ജീവിക്കുവാൻ ഞങ്ങൾക്കും അവകാശമുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തിയത് ഈ ഫാദർജിമാരാണ്. ഈ കുട്ടികൾ മിഷനറിമാരെ സ്നേഹിക്കുന്നതും അനുസരിക്കുന്നതും ബഹുമാനിക്കുന്നതും കണ്ട് ആരും അത്ഭുതപ്പെട്ടിട്ടും അസൂയപ്പെട്ടിട്ടും കാര്യമില്ല. നിസ്വാർത്ഥമായ സ്നേഹവും നിർമ്മലമായ സേവനവും എന്നും അംഗീകരിക്കപ്പെടും.

ഗ്യാൻസരോവർ അനൗദ്യോഗിക സ്കൂളിലെ അദ്ധ്യാപികമാരായ യുവതികൾ അവർക്കുണ്ടായ വലിയ മാനസിക, ബൗധിക വളർച്ചയെ സാക്ഷ്യപ്പെടുത്തുന്നു. അവരിലെ ക്രിയാത്മക ശക്തിയും, സേവന തൃഷ്ണയും, സഹജീവി സ്നേഹവും, നേതൃപാടവവും വളർത്തി







യെടുത്തത് എം.എസ്.റ്റി. മിഷ
നറിമാരാണെന്ന് അവർ എവിടെയും വിളി
ച്ചു പറയുവാൻ തയ്യാറാണ്, അത്രയും വലുതാണ് അവർക്കുണ്ടായ മാറ്റം. ബാലസ്വായിലെ പരിമിതമായ സാഹചര്യങ്ങളിലും മലിനമായ അന്തരീക്ഷത്തിലും വളർന്ന ഈ പെൺകുട്ടികൾക്ക് മുമ്പ് ഇത്തര ത്തിലുള്ള ഒരു ജോലിയും ജീവിതവും നേതൃശക്തിയും അവരുടെ ചിന്തകൾക്കും അപ്പുറത്തായിരുന്നു. ഇന്നവർ ശക്തരാണ്. ഏതു വെല്ലുവിളിയും നേരിടാൻ അവർ തയ്യാറാണ്. ആരുടേയും മുൻപി ൽ സ്വന്തം അഭിപ്രായം തുറന്നു പറയാൻ തന്റേടവും മനക്കരുത്തും അവർ നേടിക്കഴിഞ്ഞു.

## പുനരധിവസിക്കപ്പെട്ട പെൺകുട്ടികൾ

നജഫ്ഘട്ടിൽ നേരത്തെ സൂചിപ്പിച്ച ദീപ്തി ആശ്രമത്തോടു ചേർന്ന് ഇന്ന് മനോഹരമായ ഒരു കെട്ടിടം കാണാം. അത് മറ്റൊരു ഹോസ്റ്റ ലാണ്. ബാലസ്വായിലെ പെൺകുട്ടികളെ പുനരധിവസിപ്പിച്ചിരിക്കുന്ന ഒരു ഭവനം. ബാലസ്വായിലെ കുട്ടികൾക്കായി നടത്തിവരുന്ന പ്രേ ഷിതദൗത്യത്തിന്റെ മൂന്നാം ഘട്ടമായിട്ടാണ് ഈ ഹോസ്റ്റൽ നിർ മ്മിച്ചത്. നിയമപരമായ കടമ്പകൾ ഒട്ടേറെ കടക്കേണ്ടി വന്നെങ്കിലും മിഷനറിമാരുടെ നിശ്ചയദാർഢ്യത്തിനു മുന്നിൽ അവയെല്ലാം വഴി മാറി. കെ.എൻ.എച്ച്. എന്ന ഏജൻസിയുടെ സഹായത്തോടു കൂടി വളരെ മനോഹരമായ കെട്ടിടമാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. 2017 ജൂലൈ 7 ന് ഫരീദബാദ് മെത്രാൻ മാർ കുര്യാക്കോസ് ഭരണികുള ങ്ങര ഇതിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. ബാലസ്വായിലെ മാലി

ന്യങ്ങളിൽ നിന്നും ഉയർത്തിക്കൊണ്ടു വന്ന 60 പെൺകുട്ടികളാണ് ഇവിടെ ജീവിതം ആരംഭിച്ചത്. എന്നാൽ ഇപ്പോൾ 50 പെൺകുട്ടികളാണ് ഉള്ളത്. ബാക്കിയുള്ളവർ ദീപാവലി അവധിക്ക് വീട്ടിൽ പോയതിനുശേഷം തിരിച്ചെത്തിയിട്ടില്ല. അവരുടെ മാതാപിതാക്കന്മാർ തിരിച്ചയച്ചില്ല എന്നതാണ് ശരി. ദിവസേന ഉണ്ടാകുന്ന 30 രൂപയുടെ നഷ്ടമാണ് അവർ കണക്കുകൂട്ടുന്നത്. തങ്ങളുടെ മക്കൾക്കുണ്ടാകുന്ന വലിയ നഷ്ടത്തെക്കുറിച്ച് ചിന്തിക്കുവാൻ അവർക്ക് സാധിക്കുന്നില്ല.

ഈ പെൺകുട്ടികളെ സഹായിക്കുവാനും ശുശ്രൂഷിക്കുവാനുമായി സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സമൂഹത്തിലെ മൂന്നു സിസ്റ്റേഴ്സ് മുഴുവൻ സമയവും അധ്വാനിക്കുന്നു. ഈ കുട്ടികളിൽ സമർത്ഥരായവരെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർത്ത് പഠിപ്പിക്കുവാനുള്ള പദ്ധതിയാണുള്ളത്. അല്ലാത്തവരെ ഹിന്ദി മീഡിയം സ്കൂളുകളിൽ അയച്ച് പഠിപ്പിക്കും. ഇപ്പോൾ അവരെ അതിനായി ഒരുക്കുകയാണ്. അങ്ങനെ ഈ കുട്ടികൾ ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ നെയ്തെടുക്കുവാൻ ആരംഭിച്ചു കഴിഞ്ഞു.

## ഗ്യാൻസരോവറിലെ ധർമ്മപടയാളികൾ

ഫാ. സന്തോഷ് ഓലപ്പുരയ്ക്കൽ ആണ് ഇന്ന് ഗ്യാൻസരോവർ പദ്ധതിയുടെ ഡയറക്ടർ. ഇത്തരത്തിലുള്ള ഒരു പ്രേഷിത ദൗത്യത്തിന് കവുന്നുകാട്ടിൽ ലിജോ അച്ചനും ചേർന്ന് ആരംഭം കുറിച്ചതും അച്ചൻ തന്നെയായിരുന്നു. അച്ചന്റെ ആവേശവും സാഹസികതയും അർപ്പണ





ബോധവും കൂടെയുള്ളവർക്ക് ശക്തിയും മാതൃകയുമാണ്. സന്തോഷ് അച്ചനോടൊപ്പം ഓടിനടന്ന് എല്ലാറ്റിനും സഹായവും തുണയുമായി ഫാ. എബിൻ കൊച്ചുപുരയ്ക്കൽ എപ്പോഴുമുണ്ട്.

ഇവരുടെ കീഴിൽ സദാ കർമ്മനിരതരായ ഒരുപറ്റം യുവപടയാളികൾ ഇവിടെ നിസ്വാർത്ഥശുശ്രൂഷ ചെയ്യുന്നു. അവരെല്ലാവരും പൂർണ്ണ തൃപ്തരാണ്. തൊഴിലിന്റെ മഹത്വവും സംതൃപ്തിയും പൂർണ്ണമായും അനുഭവിച്ചറിയുന്നവർ.

കേരളത്തിൽ കണ്ണൂർ ജില്ലയിലെ വിളക്കന്നൂർ പ്രദേശത്തു നി ന്നുള്ള ലാലു എന്ന യുവാവ് 2013 മുതൽ ഗ്യാൻസരോവറിൽ കോ-ഓർഡിനേറ്ററായി ജോലി ചെയ്യുന്നു. ശമ്പളം ലഭിക്കുന്നു എങ്കിൽ പോലും ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ ജോലി ചെയ്യണമെങ്കിൽ അസാമാന്യമായ സമർപ്പണ മനോഭാവവും സഹജീവി സ്നേഹവും ആവശ്യമാണ്. അവ പൂർണ്ണമായും ഈ യുവാവിൽ കാണുവാൻ സാധിക്കും. ഇതുപോലെ തന്നെയാണ് ഡൽഹിയിൽ ജനിച്ചു വളർന്ന മലയാളികൾ ആയ രണ്ടു യുവതികൾ. നൈനയും ധന്യയും. നൈന ഇവിടെ പി.ആർ.ഓ. ആയി സേവനം ചെയ്യുന്നു. ധന്യ കുട്ടികളുടെ മാനസിക വളർച്ചയ്ക്ക് ആവശ്യകമായ കൗൺസിലിംഗ് സഹായം നൽകുന്നു. രണ്ടുപേരുടെയും പ്രവർത്തന മികവും സമർപ്പണഭാവവും ജോലിയോടുള്ള ആത്മാർത്ഥതയും എടുത്തു പറയേണ്ടതാണ്.

ഇവർക്കു പുറമേ സമൂഹ സംഘാടകയായി കമലേഷ് എന്ന യുവതിയും കുട്ടികളെ സ്കൂളിൽ ചേർക്കുന്ന ഭാരിച്ച ഉത്തരവാദിത്വം നിറവേറ്റുന്ന ഹീനയുമുണ്ട്. കുട്ടികൾക്ക് ഭക്ഷണം തയ്യാറാക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സെറീനയും കുന്ദനും വളരെ സന്തോഷ

ത്തോടെയാണ് അതു ചെയ്യുന്നത്. ഇവിടെ യുവാക്കളുടെ കാര്യങ്ങൾ നോക്കുന്ന വ്യക്തി (യൂത്ത് ആനിമേറ്റർ) ആണ് നാം ഈ പുസ്തകത്തിന്റെ ആദ്യം കണ്ട പ്രമോദ്.

ഇനിയും എടുത്തു പറയുവാനുള്ളത് അദ്ധ്യാപികമാരായി സേവനം ചെയ്യുന്ന എട്ടു യുവതികളാണ്. ഊർജ്ജസ്വലതയും ജോലിയോടുള്ള സ്നേഹവും ആത്മാർത്ഥയും അവരിലെല്ലാവരിലും പ്രകടമാണ്. പ്ലസ്ടു പഠനം പൂർത്തിയാക്കിയ ഇവരെ സന്തോഷച്ചൻ ഈ ജോലിയിൽ നിയമിക്കുകയായിരുന്നു. ഇന്നവർ ബി.എ. യും എം.എ. യും നേടിയെടുത്തു. മുനിത, സുമൻ, ശോഭ, പ്രിയങ്ക, പൂനം, പൂജ സിങ്ങ്, പിങ്കി, പൂജ സിരാജ്, എന്നിവരാണ് ഈ എട്ടുപേർ.

ഇപ്രകാരം സന്തോഷച്ചനോടും എബിനച്ചനോടും ചേർന്ന് ഒരേ ഹൃദയവും മനസ്സുമായി പ്രവർത്തിക്കുന്ന ഈ പതിനാറു പേരാണ് ഗ്യാൻസരോവറിന്റെ വിജയത്തിനുള്ള കാരണം.

ഈ പദ്ധതിയുടെ തുടക്കം മുതൽ കഠിനാദ്ധ്വാനം ചെയ്ത ഫാ. ലിജോ കവുന്നുകാട്ടിലിനേയും ഈ പ്രേഷിതദൗത്യത്തേ നെഞ്ചോടു ചേർത്ത് സ്വീകരിച്ച ഫാ. കുര്യൻ കൊച്ചെട്ടൊന്നിലിനെയും, ഫാ. മോൻസ് കറുവാകുന്നേലിനേയും പ്രത്യേകം സ്മരിക്കാതിരിക്കുവാൻ കഴിയുകയില്ല. ഇവരുടെ പ്രവർത്തനങ്ങൾക്കും സന്മനസ്സിനും ദൈവം പ്രതിഫലം നൽകാതിരിക്കുകയില്ല.

ജനതകളോടുള്ള സുവിശേഷ പ്രഘോഷണത്തിന്റെ അമ്പതാണ്ടുകൾ പിന്നിടുന്ന സെന്റ് തോമസ് മിഷനറി സൊസൈറ്റിക്ക് ഈ സുവർണ്ണജൂബിലി വർഷത്തിൽ സന്തോഷത്തോടെയും അഭിമാനത്തോടെയും പറയുവാൻ സാധിക്കും ഇതാണ് ശരിയായ സുവിശേഷ പ്രഘോഷണം. അവർണ്ണനീയമായ ദാനങ്ങളെ പ്രതി ദൈവമേ നിനക്ക് സ്തുതി.













എം.എസ്.റ്റി മിഷനറിമാരുടെ സാഹസികതയ്ക്ക് ഏറ്റവും നല്ല ഒരുദാഹരണമാണ് ഡൽഹി മഹാനഗരത്തിന്റെ പ്രാന്തപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ബാലസ്വ എന്നറിയപ്പെടുന്ന ഒരു കോളനിയിലുള്ള അവരുടെ സേവനം. ബീഹാർ, ഉത്തർ പ്രദേശ് തുടങ്ങിയ സ്റ്റേറ്റുകളിൽ നിന്നും ജോലിയന്വേഷിച്ചുവരുന്ന നിർദ്ധന കുടുംബങ്ങൾക്ക് ലഭിക്കുന്നത് വഴിയോരങ്ങളാണ്. അവിടെ കൂടാരങ്ങളുണ്ടാക്കി തിരസ്കൃതരായി കഴിയുന്ന ഇവർക്ക് പലപ്പോഴും ജോലി ലഭിക്കുന്നില്ല. അതുകൊണ്ട് പുരുഷന്മരും കുട്ടികളും ജോലി കണ്ടുപിടിക്കുന്നത് ഡൽഹി മഹാനഗരത്തിലെ ആളുകൾ ഉപയോഗ ശൂന്യമായി തിരസ്കരിച്ച സാധനങ്ങളും ചപ്പു ചവറുകളും കൂമ്പാരങ്ങളായി കാലാകാലങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന വലിയ ഒരു കുന്നിലാണ്. അനാരോഗ്യകരമായ അന്തരീക്ഷമാണ് ഇവിടെ നിലനിൽക്കുന്നത്. എങ്കിലും നിത്യവൃത്തിക്കുവേണ്ടി ഇവർ അദ്ധ്വാനിക്കുന്നത് ഇവിടെയാണ്. മറ്റുള്ളവർ ഉപേക്ഷിച്ചതെങ്കിലും ഉപയോഗപ്രദമാക്കാവുന്ന സാധനങ്ങൾ ഇവിടെ നിന്നും ശേഖരിച്ച് സംസ്കരിച്ച് കടകളിൽ വിൽക്കുന്നതു വഴി നിത്യവൃത്തിക്കുള്ള വക ഇവർ സമ്പാദിക്കുന്നു.

തിരസ്കൃതരായ ഇവിടുത്തെ കുട്ടികൾക്കു വേണ്ടി ഡൽഹിയിലെ എം.എസ്.റ്റി. മിഷനറിമാർ സായാഹ്ന സ്കൂളുകൾ തുടങ്ങി. ഇപ്പോൾ നാലു സ്കൂളുകളിലായി 600 ഓളം കുട്ടികൾ പഠിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പലരും ഹൈസ്കൂൾ തലങ്ങളിലെത്തി പഠിക്കുന്നു. അടുത്ത കാലത്ത് ബാലസ്വായിൽ നിന്നുള്ള പെൺകുട്ടികൾക്കു വേണ്ടി നജഫ്ഘട്ടിലെ എം.എസ്.റ്റി. മിഷൻ കേന്ദ്രത്തിൽ ബോർഡിംഗ് സ്കൂൾ തുടങ്ങി. 60 തോളം കുട്ടികൾ ഇവിടെ പഠിക്കുന്നു. സ്തുത്യർഹമായ ഒരു സേവനമാണ് ബാലസ്വ മിഷൻ വഴി എം.എസ്.റ്റി. മിഷനറിമാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ മിഷനറിമാർക്ക് എന്റെ പ്രത്യേകമായ അഭിനന്ദനങ്ങൾ.

**റവ. ഫാ. കുര്യൻ അമ്മനത്തുകുന്നേൽ**
**ഡയറക്ടർ ജനറൽ എം.എസ്.റ്റി.**



## സെന്തോമസ് മിഷനറി സൊസൈറ്റി
## സീറോ മലബാർ സഭയുടെ പ്രേഷിത മുന്നണി

ജനതകളോടുള്ള സുവിശേഷപ്രഘോഷണം ജീവിതവ്രതമായി സ്വീകരിച്ചിട്ടുള്ള പ്രേഷിത വൈദികരുടെ കൂട്ടായ്മയാണ് സെന്തോമസ് മിഷനറി സൊസൈറ്റി. അപ്പസ്തോലികാരൂപിയാൽ സംഘാതമായി പ്രവർത്തിക്കുന്ന വൈദികരുടെ സമൂഹം എന്ന് ഇതിനെ വിശേഷിപ്പിക്കാം. ഒരു കാലഘട്ടത്തിന്റെ പ്രേഷിതാവശ്യങ്ങൾ കണ്ടറിഞ്ഞ മാർ വയലിൽ സെബാസ്റ്റ്യൻ പിതാവാണ് എം.എസ്.റ്റി.യുടെ സ്ഥാപകൻ.

1968 ഫെബ്രുവരി 22-ന് ഭരണങ്ങാനത്തിനടുത്തുള്ള അമ്പാറയിലാണ് ഈ സമൂഹം ജന്മമെടുത്തത്. അമ്പതു വർഷങ്ങൾ കൊണ്ട് 371 പ്രേഷിത വൈദികരെ സമൂഹം സഭയ്ക്ക് പ്രദാനം ചെയ്തു. മൂന്നു റീജണുകളിലും ഡൽഹി ഡെലഗേഷനിലുമായി നൂറോളം മിഷൻ കേന്ദ്രങ്ങൾ, മുപ്പതോളം സ്കൂളുകൾ, പത്തോളം ആശുപത്രികൾ, അനേകം ജീവകാരുണ്യ പ്രവർത്തനകേന്ദ്രങ്ങൾ, അംഗപരിമിതർക്കും ഭിന്നശേഷിയുള്ളവർക്കുമായി ഇരുപതിൽപരം ഭവനങ്ങൾ, പാവപ്പെട്ട കുട്ടികൾക്കുള്ള ആശ്രയകേന്ദ്രങ്ങൾ, ആയിരക്കണക്കിന് സ്വയം സഹായ സംഘങ്ങൾ എല്ലാം ഈ സമൂഹത്തിന്റെ ഭാരതത്തിനും സഭയ്ക്കുമുള്ള സംഭാവനകളാണ്.